# ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ സാമൂഹിക നീതിക്കു വേണ്ടി ശബ്ദിക്കുന്ന ഏഴു ചിത്രങ്ങൾ

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16മത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ സാമൂഹിക നീതിക്കുവേണ്ടി ശബ്ദിക്കുന്ന ഏഴു ചിത്രങ്ങൾ പ്രദർശിപ്പിക്കും.വോയ്‌സസ്, വിസ്‌പേഴ്‌സ് ആന്റ് സയലൻസസ്; ഫിലിംസ് ഓൺ സോഷ്യൽ ജസ്റ്റിസ് എന്ന ശീർഷത്തിലുള്ള ഈ വിഭാഗം ക്യൂറേറ്റ് ചെയ്തിരിക്കുന്നത് ഡോക്യുമെന്ററി സംവിധായകനും സാമൂഹിക പ്രവർത്തകനുമായ ആർ.പി അമുദനാണ്. ജാതി, വർഗം, വംശം, ലിംഗം, ലൈംഗികാഭിമുഖ്യം എന്നിവയുടെ പേരിൽ കടുത്ത വിവേചനം നേരിടുന്ന മനുഷ്യർ നടത്തുന്ന ചെറുത്തുനിൽപ്പുകളുടെ ദൃശ്യരേഖകളാണ് ഇവ.

ദേശീയ അവാർഡ് ജേതാവായ ഡോ.ശ്വേതാ ഘോഷിന്റെ 'വി മേക്ക് ഫിലിം' ഭിന്നശേഷിക്കാരായ ചലച്ചിത്രകാരന്മാർ തങ്ങളുടെ സർഗാത്മകത പ്രകാശിപ്പിക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളുടെ ദുരനുഭവങ്ങൾ പകർത്തുന്നു. നവോമി ജഹാൻ, ആയുഷി ശ്രീരാംവർ എന്നിവർ ചേർന്ന് സംവിധാനം ചെയ്ത 'അവർ ഒഡിസി ഈസ് റെഡ്' ലൈംഗികത്തൊഴിലാളികളുടെ മക്കളായ 20 യുവതികൾ ഒരുമിച്ച് താമസിച്ചുകൊണ്ട് സഹജീവിതത്തിലൂടെ ജീവിതം കെട്ടിപ്പടുക്കുന്നതിന്റെ കാഴ്ചകൾ രേഖപ്പെടുത്തുന്നു. ആസ്‌ട്രേലിയയിലെ കിമ്പർലിയിൽ മഴദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിനായി ഗുഹാചിത്രങ്ങൾ വരയ്ക്കുന്ന തദ്ദേശീയ ഗോത്രവർഗക്കാരുടെ കഥപറയുകയാണ് 'നമറലി'. ബ്രസീലിൽ 2008നും 2016നുമിടയിൽ നടന്ന കറുത്ത വർഗക്കാരുടെ വംശഹത്യക്കെതിരായ പ്രതിരോധങ്ങൾ പകർത്തുകയാണ് 'ജെനോസൈഡ് ആന്റ് മൂവ്‌മെന്റ്സ്''. ജ്യോതി നിഷ സംവിധാനം ചെയ്ത 'ബി.ആർ. അംബേദ്കർ; നൗ ആന്റ് ദെൻ' ഒരു ബഹുജൻ ഫെമിനിസ്റ്റ് ചലച്ചിത്രകാരിയുടെ വീക്ഷണകോണിലൂടെ സാമൂഹിക അസമത്വങ്ങളെ ചർച്ചയ്ക്കെടുക്കുന്നു. മധ്യപ്രദേശിലെ സത്വാസിൽ സമ്പന്ന കർഷകനുവേണ്ടി അടിമവേല ചെയ്യുന്ന സന്തോഷിന്റെ ജീവിതമാണ് ശോഭിത് ജെയിനിന്റെ 'ബോണ്ടഡ്' പകർത്തുന്നത്. ഒരു ട്രാൻസ്മാൻ എന്ന നിലയിൽ തുർക്കിയിൽ ഒരു പ്രശസ്ത നടൻ നേരിടുന്ന പ്രതിസന്ധികളാണ് 'ബ്ലൂ ഐ.ഡി'യുടെ പ്രമേയം.